ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.12.2024**

## പ്രധാനവാർത്തകൾ

1) സഹാനുഭൂതിയിലും, മാനവ സേവനത്തിലും അടിയുറച്ച പ്രബോധനങ്ങൾ ശ്രീനാരായണഗുരു ജനങ്ങൾക്ക് പകർന്നു നൽകിയതായി കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്.

2) സംസ്ഥാന സർക്കാരിൻറെ എം ടി അനുസ്മരണം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സമൂഹത്തെ പുരോഗമനപരമായി മുന്നോട്ടുനയിച്ച എഴുത്തുകാരനായിരുന്നു എം ടി വാസുദേവൻ നായരെന്ന് മുഖ്യമന്ത്രി.

3) സംസ്ഥാനത്ത് വലിച്ചെറിയൽ വിരുദ്ധ വാരാചരണത്തിന് നാളെ തുടക്കം.

4) പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി ലോകം. സംസ്ഥാനത്ത് വിപുലമായ ആഘോഷപരിപാടികൾ. ജനങ്ങൾക്ക് നവവത്സര ആശംസകൾ നേർന്ന് മുഖ്യമന്ത്രി .

5) 78-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് പശ്ചിമ ബംഗാളിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## ഗജേന്ദ്ര സിംഗ് ഷെഖാവത് ഇൻട്രോ)

സഹാനുഭൂതിയിലും, മാനവ സേവനത്തിലും അടിയുറച്ച പ്രബോധനങ്ങളാണ് ശ്രീനാരായണഗുരു ജനങ്ങൾക്ക് പകർന്നു നൽകിയതെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്. എല്ലാ സംസ്കാരങ്ങളെയും ബഹുമാനിക്കണമെന്ന മൂല്യം അദ്ദേഹം മുന്നോട്ട് വച്ചതായും 92 മത് ശിവഗിരി തീർത്ഥാടനത്തിൻറെ ഭാഗമായി നടന്ന കൃഷി- കൈത്തൊഴിൽ വ്യവസായ- ടൂറിസം സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു. കർഷക ക്ഷേമത്തിന്റെയും സ്വാശ്രയത്വത്തിന്റെയും വക്താവായിരുന്നു ശ്രീനാരായണഗുരു എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(വോയിസ്)

92-മത് ശിവഗിരി തീർത്ഥാടന മഹാ സമ്മേളനത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ നിർവഹിച്ചിരുന്നു. ഗുരുദേവ ദർശനങ്ങൾ ലോകമെമ്പാടും എത്താൻ ശ്രമം നടത്തണമെന്ന് മുഖ്യമന്ത്രി ചടങ്ങിൽ ആഹ്വാനം ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## എം ടി അനുസ്മരണം : മുഖ്യമന്ത്രി

സാഹിത്യരചനയിലൂടെ സമൂഹത്തെ പുരോഗമനപരമായി മുന്നോട്ടുനയിക്കുന്നതിൽ എന്നും ജാഗ്രത പുലർത്തിയ എഴുത്തുകാരനായിരുന്നു എം ടി വാസുദേവൻ നായരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സാംസ്കാരിക വകുപ്പ് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച എം ടി അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സാഹിത്യമോ സിനിമയോ പത്രപ്രവർത്തനമോ ഏതു രംഗവുമാകട്ടെ അവിടെയെല്ലാം തിളങ്ങുന്ന മുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് എംടിയെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു .

മന്ത്രിമാരും, സാഹിത്യ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖരും ചടങ്ങിൽ എംടിയെ അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

എംബി രാജേഷ് (ഇൻട്രോ)

സംസ്ഥാനത്ത് വലിച്ചെറിയൽ വിരുദ്ധ വാരാചരണത്തിന് നാളെ തുടക്കമാകുമെന്ന് മന്ത്രി എംബി രാജേഷ്. ശാസ്ത്രീയ മാലിന്യ സംസ്കരണം വലിയ തോതിൽ പുരോഗമിക്കുമ്പോഴും വലിച്ചെറിയൽ ശീലം ഉപേക്ഷിക്കാൻ

ജനങ്ങൾ തയ്യാറായിട്ടില്ലെന്നും ഇതിനായി വിപുലമായ ബോധവത്കരണ പരിപാടികൾക്കാണ് സർക്കാർ രൂപം നൽകിയിരിക്കുന്നതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ബ്രഹ്മപുരം സംഭവത്തിന് ശേഷം കേരളത്തിലെ മാലിന്യ സംസ്കരണത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചതായും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉള്ള വാതിൽപ്പടി മാലിന്യ ശേഖരണം 87 ശതമാനമായി വർധിച്ചെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

പുതുവർഷം ഇൻട്രോ-

2025 നെ വരവേൽക്കാനൊരുങ്ങി ലോകം. പുതുവർഷം ആദ്യം എത്തിച്ചേരുന്ന കിരിബാത്തി ദ്വീപിൽ ഇന്ത്യൻ സമയം ഉച്ച തിരിഞ്ഞ് 3.30 ഓടെ നവവത്സരം പിറന്നു. കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, കടൽത്തീരങ്ങളിലും വിപുലമായ ആഘോഷ പരിപാടികളാണ് പുതുവർഷത്തോടനുബന്ധിച്ച് നടക്കുന്നത്. ജനത്തിരക്കിന് സാധ്യതയുള്ള മേഖലകളിൽ പോലീസ് കർശന നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരത്ത് നിന്നുള്ള പുതുവർഷ വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്
(ഹോൾഡ്)

&&&&&&&&&&&&&&&&&&

## വിപുലമായ പോലീസ് ക്രമീകരണങ്ങൾ

പുതുവർഷ ആഘോഷങ്ങളോടനുബന്ധിച്ച് ഫോർട്ട്കൊച്ചിയിലും വിപുലമായ പോലീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വെളി ഗ്രൗണ്ടിലും പരിസരത്തുമായി 400-ഓളം CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഗാല ഡി കൊച്ചിയുടെ നേതൃത്വത്തിൽ വെളി ഗ്രൗണ്ടിൽ ഇന്ന് അർധരാത്രി പപ്പാഞ്ഞിയെ കത്തിക്കൽ ചടങ്ങ് നടക്കും. കോടതി നിർദ്ദേശപ്രകാരം 70 അടി ദൂരത്തിൽ സുരക്ഷാവേലി ഉൾപ്പെടെ ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്ത് ദുഃഖാചരണം തുടരുന്ന സാഹചര്യം ആയതിനാൽ ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ ഇന്ന് പപ്പാഞ്ഞിയെ കത്തിക്കൽ ചടങ്ങ് ഉണ്ടാവില്ല. നാളെ നടത്താനിരുന്ന ഫോർട്ട് കൊച്ചി കാർണിവൽ റാലിയും രണ്ടാം തീയതിയിലേക്ക് മാറ്റിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## പുതുവത്സരദിന സന്ദേശം

പുത്തൻ പ്രതീക്ഷകളോടെ പുതിയ നാളെകളെ വരവേൽക്കാനുള്ള ആഘോഷത്തിന്റെ സുദിനമാണ് പുതുവത്സര ദിനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജാതിമതവർഗ ഭേദമന്യേ ഏവരും ഒത്തൊരുമിക്കുന്നു എന്നതാണ് പുതുവർഷ രാവിന്റെ പ്രത്യേകത. നാളെകളെ പ്രകാശപൂർണ്ണമാക്കാനുള്ള ഊർജ്ജവും പ്രചോദനവും 2025 നമുക്ക് പകരട്ടേയെന്നും മുഖ്യമന്ത്രി ആശംസിച്ചു

&&&&&&&&&&&&&&&&&&

## സത്യപ്രതിജ്ഞ

കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്യും. രാജ്ഭവൻ

ഓഡിറ്റോറിയത്തിൽ രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മുമ്പാകെയാണ് സത്യപ്രതിജ്ഞ. നാളെ വൈകുന്നേരം തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന നിയുക്ത ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും.

&&&&&&&&&&&&&&&&&&&

**ഇ-വേ ബിൽ**

സ്വർണ്ണത്തിന്റെയും, മറ്റ് വിലയേറിയ രത്നങ്ങളുടെയും 10 ലക്ഷമോ അതിനു മുകളിലോ മൂല്യമുള്ള ചരക്ക് നീക്കത്തിന് സംസ്ഥാനത്തിനുള്ളിൽ നാളെ മുതൽ ഇ-വേ ബിൽ നിർബന്ധമാക്കി. സപ്ലൈ ആവശ്യങ്ങൾക്കും പ്രദർശനം, ഹാൾമാർക്കിങ്ങ് തുടങ്ങിയ ഇതര ആവശ്യങ്ങൾക്കും ഇനി മുതൽ ഇ-വേ ബിൽ നിർബന്ധമാണെന്ന് സംസ്ഥാന ജി.എസ്.ടി വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

**ഉമ തോമസ്**

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ വീണ് ഉമ തോമസ് എംഎൽഎയ്ക്ക് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ അറസ്റ്റിലായ മൂന്ന് നടത്തിപ്പുകാർക്കെതിരെ പോലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്തു. എംഎൽഎയുടെ ആരോഗ്യസ്ഥിതിയിൽ ആശാവഹമായ പുരോഗതി ഉണ്ടെന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു . അപകടനില തരണം ചെയ്തിട്ടില്ലെങ്കിലും, അതീവ ഗുരുതരാവസ്ഥയിലല്ല ഉമാ തോമസ് എന്നും മെഡിക്കൽ ടീം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ**

വയനാട് ദുരന്തത്തിൽ ഇന്ത്യൻ സേനയെപ്പോലും അപമാനിക്കുന്ന തരം രാഷ്ട്രീയമാണ് കേരള സർക്കാർ കളിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. കേരളം

RNUTVPM

കണക്ക് നൽകാൻ കാലതാമസം വരുത്തിയതിനാലാണ് കേന്ദ്ര സഹായം ലഭിക്കാൻ വൈകിയതെന്നും, വയനാട് ദുരിതബാധിതർക്ക് കേന്ദ്രം നൽകേണ്ടതെല്ലാം നൽകുമെന്നും അദ്ദേഹം ഇടുക്കിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**വി.മുരളീധരൻ**

സനാതനധർമത്തെ അധിക്ഷേപിക്കുന്ന പരാമർശമാണ് മുഖ്യമന്ത്രി പിണറായി വിജയൻ ശിവഗിരിയിൽ നടത്തിയതെന്ന് മുൻകേന്ദ്രമന്ത്രി വി.മുരളീധരൻ. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മാത്രമാണ് സനാതന ധർമമെന്ന പ്രചാരവേലകൾ കേരളത്തിൽ വിലപ്പോകില്ലെന്നും അദ്ദേഹം പറഞ്ഞു. സനാതന ധർമത്തെ, വർണാശ്രമ ധർമവുമായി ബന്ധപ്പെടുത്തിയുള്ള മുഖ്യമന്ത്രിയുടെ പരാമർശത്തെ വിമർശിക്കുകയായിരുന്നു ശ്രീ മുരളീധരൻ.

&&&&&&&&&&&&&&&&&&

**മൃതദേഹം കണ്ടെത്തി.**

നെടുമങ്ങാട് കരകുളത്തെ പി എ അസീസ് കോളേജിനുള്ളിൽ കത്തിക്കരിഞ്ഞ നിലയിൽ പുരുഷന്റെ മൃതദേഹം കണ്ടെത്തി. കോളേജിനുള്ളിലെ പണിതീരാത്ത കെട്ടിടത്തിനുള്ളിലെ ഹാളിൽ ഇന്ന് രാവിലെയാണ് മൃതദേഹം കണ്ടെത്തിയത്. കോളേജ് ഉടമ മുഹമ്മദ് അബ്ദുൾ അസീസ് താഹയുടേതാണ് മൃതദേഹമെന്നാണ് സംശയം.
രാവിലെ ഹാളിൽ തീ കത്തുന്നത് ശ്രദ്ധയിൽപ്പെട്ട കോളേജിലെ ജീവനക്കാരൻ ആണ് മൃതദേഹം കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 5**

**സന്തോഷ് ട്രോഫി**

78-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് പശ്ചിമ ബംഗാളിനെ നേരിടും. ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. 16 തവണ സന്തോഷ്

RNUTVPM

ട്രോഫി ഫൈനലിൽ എത്തിയിട്ടുള്ള കേരളം ഏഴ് തവണ കിരീടം സ്വന്തമാക്കിയിട്ടുണ്ട്. 32 തവണ കിരീടം സ്വന്തമാക്കിയ ബംഗാൾ ഇത് 47 -ാം തവണയാണ് കലാശപ്പോരിന് ഇറങ്ങുന്നത്.

&&&&&&&&&&&&&&&&&&

## നിയമസഭ പുസ്തകോത്സവം

സമകാലീന ഇന്ത്യൻ രാഷ്ട്രീയം മുതൽ പെൺകരുത്തിന്റെ ശബ്ദങ്ങൾ വരെ വൈവിധ്യമാർന്ന വിഷയങ്ങളിൽ പാനൽ ചർച്ചകളുമായി നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം . ജനുവരി 7 മുതൽ 13 വരെ നടക്കുന്ന പുസ്തകോത്സവത്തിൻറെ ഭാഗമായ ചർച്ചകളിൽ മന്ത്രിമാരും, ജനപ്രതിനിധികളും സാമൂഹിക സാസ്കാരിക രംഗത്തെ പ്രമുഖരും ഉൾപ്പെടെ പങ്കെടുക്കും. വായനയാണ് ലഹരി എന്ന പ്രമേയത്തിൽ ചിട്ടപ്പെടുത്തുന്ന പുസ്കോത്സവത്തിൽ 350 പുസ്തക പ്രകാശനങ്ങളും നടക്കും.

&&&&&&&&&&&&&&&&&&

## മന്ത്രി ആർ ബിന്ദു

പനയുൽപ്പന്നങ്ങളുടെ വ്യാപാരത്തിന് ഭിന്നശേഷിക്കാർക്ക് വിപണന കേന്ദ്രങ്ങൾ സജ്ജമാക്കുന്ന പദ്ധതിയ്ക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ആർ ബിന്ദു തിരുവനന്തപുരത്ത് നിർവ്വഹിക്കും. ഭിന്നശേഷിക്കാർക്ക് പുതുവത്സര സമ്മാനമായാണ് 'ഇടം പോയന്റുകൾ' എന്ന പേരിൽ സംസ്ഥാനവ്യാപകമായി പനയുൽപ്പന്ന കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## വേളാങ്കണ്ണി

തമിഴ്നാട് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതുതായി ആരംഭിക്കുന്ന വൈക്കം -ചെന്നൈ, വൈക്കം - വേളാങ്കണ്ണി ബസ് സർവ്വീസുകളുടെ ഉദ്ഘാടനം നാളെ വൈകുന്നേരം വൈക്കം കെ.എസ്.ആർ.റ്റി.സി ബസ്

RNU TVPM

സ്റ്റാൻ്റിൽ നടക്കും. ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ, തമിഴ്നാട് ഗതാഗത മന്ത്രി എസ്.എസ് ശിവശങ്കർ എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## ആയുഷ് മെഗാ മെഡിക്കൽ ക്യാമ്പ്:

വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ട് സംസ്ഥാന ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രത്യേക വയോജന മെഡിക്കൽ ക്യാമ്പുകളുടെ റിപ്പോർട്ട് ആരോഗ്യ മന്ത്രി വീണാ ജോർജിന് ആയുഷ് മിഷൻ സംസ്ഥാന ഡയറക്ടർ ഡോ. ഡി. സജിത് ബാബു കൈമാറി. 2408 മെഡിക്കൽ ക്യാമ്പുകളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതിലൂടെ സംഘടിപ്പിച്ചത്. ആകെ ഒരു ലക്ഷത്തി 76,386 വയോജനങ്ങൾ ക്യാമ്പുകളിൽ പങ്കെടുത്തു. ക്യാമ്പുകളിൽ പങ്കെടുത്ത 24 ശതമാനം വയോജനങ്ങൾക്ക് പ്രമേഹവും 25 ശതമാനം പേർക്ക് രക്താതിമർദ്ദവും ഉള്ളതായി കണ്ടെത്തിയതായും റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&&&

## റബ്കോ ട്രേഡ് ഫെയർ

റബ്കോയുടെ ഉൽപന്നങ്ങളുടെ പ്രദർശന- വില്പനമേളയും, പുതിയ ഉൽപന്നങ്ങളുടെ വിപണനോത്ഘാടനവും മന്ത്രി വിഎൻ വാസവൻ തിരുവനന്തപുരത്ത് നാളെ ഉദ്ഘാടനം ചെയ്യും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ പുതിയഇനം മെത്തകളുടെ ലോഞ്ചിംഗ് മന്ത്രി വിഎൻ വാസവൻ നിർവഹിക്കും. മേള ജനുവരി 30ന് സമാപിക്കും

&&&&&&&&&&&&&&&&&&&

## പരിശോധന നടത്തി

പുതുവൽസര ദിനവുമായി ബന്ധപ്പെട്ട് കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും. പരിശോധനകൾ നടന്നു. കണ്ണൂർ സിറ്റി ഡോഗ്

RNUTVPM

സ്ക്വാഡിലെയും റെയിൽവേ പോലീസിലെയും ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

&&&&&&&&&&&&&&&&&&

**<u>അപേക്ഷകൾ ക്ഷണിക്കുന്നു</u>**

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിൻറെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലളികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസുകളിൽ ജനുവരി 10ന് മുൻപ് സമർപ്പിക്കേണ്ടതാണ്

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM